
125 Years OF EXCELLENCE

# ദ്യുതി



## ഗവ. ഹയർ സെക്കന്ററി സ്കൂൾ
## തേവർവട്ടം, പൂച്ചാക്കൽ

DISTRICT **ALAPPUZHA** | DEO **CHERTHALA**
AEO **THURAVOOR** | PRINCIPAL **MANOJ GEORGE**
HEADMISTRESS **LATHA S NAIR** | PTA PRESIDENT **DEVARAJAN**

125 ന്റെ നിറവിൽ

ഷാഫി.എ.ബേക്കർ

ഒരു നാടിന് അക്ഷരങ്ങളിലൂടെ ; അറിവിലൂടെ ; അനുഭവങ്ങളിലൂടെ ഊർജ്ജം പകർന്ന തേവർ വട്ടം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കഴിഞ്ഞ 24 ,25 തിയതികളിലായി അതിന്റെ 125-ാം വാർഷികം പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. പരിമിതികളുടെ പരാതിപ്പെട്ടികൾ തുറക്കാൻ തുനിയാതിരുന്നാൽപരിശ്രമശീലരായ ഒരു കൂട്ടം ആളുകളുടെ ആത്മാർത്ഥമായ പ്രയത്നത്തിന്റെ പരിസമാപ്തി ശുഭകരമായ അനുഭൂതി പകരുന്ന ഒന്നായിരുന്നു.

നാടിന്റെ അക്ഷരവെളിച്ചത്തിന് ചൂക്കാൻ പിടിച്ച ഈ വിദ്യാലയം തലമുറകളുടെ ചരിത്ര വഴികൾക്ക് സാക്ഷ്യം വഹിച്ച ഒന്നാണ്. ഒരു പാട് പരിമിതികളെ അതിജീവിച്ച് വാർഷികം ചേതോഹരമാക്കാൻ പ്രയത്നിച്ച സ്കൂൾ അധികാരികൾ PTA പ്രസിഡന്റ് ;ഭാരവാഹികൾ എന്നിവരെ ഈ അവസരത്തിൽ നാം നന്ദിയോടെ സ്മരിക്കുന്നു. എന്റെ സ്കൂൾ എനിക്കെന്റെ വീടുപോലെയാണെന്ന് കരുതുന്ന കുറെ ആളുകൾ ...... അവർക്ക് വാർഷികാഘോഷത്തിന്റെ വഴികളിൽ തരണം ചെയ്യേണ്ടി വന്ന പ്രതിസന്ധികളെ കുറിച്ചറിയാം. കുറഞ്ഞ സമയം, കണ്ടെത്തേണ്ടിയിരുന്ന സമ്പത്തിന്റെ സാധ്യതയിലേക്കുള്ള യാത്ര ഇവയെയൊക്കെ തരണം ചെയ്ത് വിജയകരമായി ; വലിയ പരാതികളില്ലാതെ നാം ഈ വിദ്യാലയത്തിന്റെ 125-ാം വാർഷികം ആഘോഷിച്ചു.

24-ാം തിയതിയിലെ സാംസ്കാരിക ഘോഷയാത്രയുടെ മിഴിവുറ്റ തുടക്കം മുതലിങ്ങോട്ട് 25-ാം തിയതി രാത്രി 9 മണി വരെ സ്കൂളിൽ സാന്നിദ്ധ്യമറിയിച്ച് ഒപ്പം നിന്ന സഹപ്രവർത്തകർ മികച്ച കൂട്ടായ്മയുടെ സന്ദേശമാണ് പകർന്നേകിയത്. ഒരു പൊതു ഇടത്ത് ഞാനും നീയുമില്ല ....നമ്മളേയുള്ളു എന്ന് ബോധ്യപ്പെടുത്തിയ ആഘോഷം. ചേർന്നു നിന്നവർ പ്രസരിപ്പിച്ച നന്മയുടെ വെളിച്ചം ഇനിയുളള യാത്രകളിൽ നമ്മെ നയിക്കട്ടെ.

ഓർമ്മകളുടെ കരിയില വഴിയിൽ നിറഭേദങ്ങളോടെ കടന്നുപോയ ഒരു വിദ്യാലയം. ഉയർച്ചതാഴ്ചകൾ ഉണ്ടായപ്പോഴൊക്കെയും കൂടെ നിന്ന പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മ : സ്നേഹ ധനരായ രക്ഷിതാക്കൾ ; കരുത്തായി കൂടെ നിന്ന പ്രിൻസിപ്പൽ, എച്ച് .എം, അങ്ങനെ പേരെടുത്തു പറയേണ്ട നിരവധിപ്പേർ ഈ വിജയത്തിന്റെ ; അതിലുപരി സന്തോഷത്തിന്റെ നേരവകാശികളാണ്. നന്മയുള്ളൊരു മനസ്സുണ്ടെങ്കിൽ ജീവിതത്തിൽ നമുക്ക് കൈയ്യെത്തിപ്പിടിക്കാൻ കഴിയുന്ന ചിലതും പലതു മീ ലോകത്തിലുണ്ടെന്ന് മനസ്സിലാക്കിത്തന്ന ഈ ആഘോഷം കുടുംബത്തിനപ്പുറവും ഒരു ലോകമുണ്ടെന്നും ആ ലോകംനമ്മെ സംബന്ധിച്ച് വിദ്യാലയമാണെന്നും വിദ്യാലയവും ഒരു കുടുംബമാണെന്നും ചിന്തിക്കുന്ന കുറെ മനുഷ്യരുണ്ടെന്നും അവരുടെ തലച്ചോറും അക്ഷീണമായ പ്രയത്നവുമാണ് നമുക്ക് ഈ ദിവസങ്ങളിൽ കാണാനായത്. കുറ്റവും കുറവും കണ്ടെത്തി അടയാളമിട്ട് മാറി നിൽക്കാനല്ല : മുന്നോട്ട് നടക്കാനും . കഴിയുമ്പോഴാണ് നാം മനുഷ്യരാകുന്നത്

നമ്മുടെ ആവശ്യം മനസ്സിലാക്കി സ്വാദിഷ്ടമായ ഭക്ഷണമൊരുക്കിത്തന്ന് നമ്മെ അന്നത്തിന്റെ ആവലാതികളിൽ നിന്ന് സംതൃപ്തിയുടെ പൂർണതയിലെത്തിച്ച രമ ടീച്ചർക്കും കുടുംബത്തിനും ഈ അവസരത്തിൽ നന്ദി പറയാതെ വയ്യ. ആവശ്യപ്പെട്ടതിലധികം ഭക്ഷണം നൽകി രാത്രിയും വിളമ്പാൻ പാകത്തിൽ ലാഭേച്ഛ കൂടാതെ കൂടെ നിന്ന രമ ടീച്ചർക്കും കുടും ബത്തിനും നിസ്വാർത്ഥമായ സേവനത്തിന് ഹൃദയത്തിന്റെ ഉള്ളറകളിൽ നിന്ന് നന്ദി അറിയിക്കുന്നു. അന്നം നൽകി തൃപ്തിപ്പെടുത്തലാണല്ലോ ഏറ്റവും വലിയ നന്മ .ടീച്ചറുടേയും കുടുംബത്തിന്റയും നന്മകളുടെ ഈ വാതിൽ ഇതുപോലെ എന്നും തുറന്നു തന്നെ കിടക്കട്ടെ.

യാത്രയയപ്പ് നൽകിയ നാല് സാന്നിദ്ധ്യങ്ങൾ . അവർ ഓരോരുത്തരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മുടെ ഹൃദയത്തിലിടം നേടിയവരാണ്. സ്നേഹത്തിന്റ ആമ്പൽച്ചിറ ഉള്ളിൽ സൂക്ഷിക്കുന്ന അവർക്കുള്ള ആശംസകളും പ്രാർത്ഥനകളും ഹൃദയത്തിൽ സൂക്ഷിക്കുന്നു.

സ്നേഹം...... സ്നേഹം മാത്രം ........ എന്നും ........ എപ്പോഴും .......

എഡിറ്റോറിയൽ

## മികവിന്റെ കേന്ദ്രം

മികവിന്റെ വഴിയിലാണ് തേവർവട്ടം ഗവ. ഹയർ സെക്കൻഡറി സ്കൂൾ.....

പഠനമേഖലയിൽ തുടർച്ചയായി മൂന്നാം തവണയും എസ്.എസ്.എൽ.സി നൂറുമേനിയിലാണ്. കൂലിവേലക്കാരുടെയും സാധാരണക്കാരുടെയും മക്കൾക്ക് മികച്ച പഠനാനുഭവങ്ങളും സ്മാർട്ട് ക്ലാസ്സുറൂം അടക്കമുള്ള ഭൗതീകസൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടിവിടെ പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവമാണ് നമ്മുടെ കുട്ടികൾ ശാസ്ത്ര പ്രവർത്തിപരിചയമേളകൾ കലാമേളകൾ എന്നിവയിൽ പരിമികൾക്കകെത്തുനിന്നും മികച്ച പ്രവർത്തനമാണ് അവർനടത്തിയത് .

തേവർ സർക്കാർ പള്ളിക്കൂടത്തിന്റെ യുണീഫോമുമിട്ട് രാഷ്ട്രപതിഭവന്റെ അകത്തളങ്ങളിൽ കയറിച്ചെന്ന് ഇന്ത്യൻ പ്രസിഡന്റിൽനിന്ന് പുരസ്ക്കാരം ഏറ്റുവാങ്ങാൻ സാധിച്ചു നമ്മുടെ വിദ്യാർത്ഥിക്ക്

വിദ്യാർത്ഥികൾ നാളയുടെയല്ല ഇന്നിന്റെ പൗരൻമാരാണ് എന്നു തെളിയിക്കുകയാണ് നമ്മുടെ കുട്ടികൾ ...

വീട്ടിലും പള്ളിക്കൂടത്തിലുമുള്ള ജൈവകൃഷി മാലിന്യ നിർമാർജ്ജനപ്രവർത്തനങ്ങൾ , ലഹരിവിരുദ്ധബോധവത്ക്കരണം, ശുചീകരണ യജ്ഞങ്ങൾ, ഭീകരതയുടെ ഇരകളോടുള്ള ഐക്യദാർഢ്യം തുടങ്ങി സാമൂഹ്യ പ്രശ്നങ്ങളിൽ നമ്മുടെ കുട്ടികൾ കണ്ടുനിൽക്കുകയല്ല ഇടപെടുകടന്നെയായിരുന്നു. മാതൃഭൂമിയുടെ സീ!ഡ് പുരസ്ക്കാരവും ജെം ഓഫ് സീഡ് പുരസ്കാരവും അങ്ങനെയാണ് നമ്മെ തേടിയെത്തിയത്.



ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി നടന്ന റാലി

## ലഹരി വിരുദ്ധദിനാചരണം

**പൂച്ചാക്കൽ**: തേവർവട്ടം ഗവ.എച്ച്.എസ്.എസിൽ ലഹരി വിരുദ്ധദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.ലഹരിവിരുദ്ധ റാലി,പ്രതിജ്ഞ,ബോധവത്കരണ പരിപാടികൾ എന്നിവ നടന്നു.വിദ്യാർത്ഥികൾ ബസുകളിൽ ലഘു പ്രസംഗങ്ങൾ നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.തൈക്കാട്ടുശേരി അയ്യപ്പിക്കുന്നിൽ വച്ച് ലഹരി വിരുദ്ധ സിനിമ പ്രദർശനവും നടത്തി.സിനിമ പ്രദർശനം ടി.പുഷ്പാംഗതൻ ഉദ്ഘാടനം ചെയ്തു.

# പരീക്ഷയുടെ ചൂടേറിയ ദിനങ്ങൾ



പത്താം ക്ലാസ് വിദ്യാർത്ഥികൾ നിശാപഠന ക്ലാസ്സിൽ

*എസ്. സോജിത്ത്*

**പൂച്ചാക്കൽ**: ഇനി വരുന്നത് പരീക്ഷയുടെ ചൂടേറിയ ദിനങ്ങൾ. എസ്.എസ്.എൽ.സി പരീക്ഷയിൽ നേട്ടങ്ങൾ ആവർത്തിക്കുവാൻ നിശാപഠനക്ലാസുകളുമായി തേവർവട്ടം സ്കൂൾ ഒരുങ്ങുന്നു. കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറുമേനി വിജയത്തോടൊപ്പം മൂന്ന് സമ്പൂർണ്ണ എ പ്ലസുകളും നേടി ജില്ലയിലെ മികച്ച അക്കാദമിക് നിലവാരമുള്ള വിദ്യാലയങ്ങളുടെ പട്ടികയിൽ തൈക്കാട്ടുശേരി ഗ്രാമത്തിലെ ഏക ഗവൺമെന്റ് ഹൈസ്കൂളായ തേവർവട്ടവും ഇടം നേടി.

*തുടർച്ച മൂന്നാം പേജിൽ*

**പൂച്ചാക്കൽ**: 2016 ലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്കായി വിപുലമായ ഒരുക്കങ്ങൾ സ്കൂളിൽ ആരംഭിച്ചു.ജനുവരി ആദ്യവാരം മുതൽ നിശാപഠനക്ലാസുകൾ ആരംഭിച്ചു.പതിവ് ക്ലാസുകൾക്ക് ശേഷം അര മണിക്കൂർ വിശ്രമത്തിനായി നല്കുകയും തുടർന്ന് ലഘു ഭക്ഷണത്തിനു ശേഷം 4.30 മുതൽ 7.30 വരെ സ്പെഷ്യൽ ക്ലാസുകളും നടക്കുന്നു.എല്ലാ പാഠഭാഗങ്ങളും കുട്ടികൾ മനസിലാക്കി എന്ന് ഉറപ്പു വരുത്തുന്നതിനായി സീരിസ് ടെസ്റ്റുകളും നടത്തി.

നായി പ്രത്യേക കൗൺസലിങ്ങും നടത്തി.തുടർന്നുള്ള ദിനങ്ങളിൽ മുൻവർഷ ചോദ്യപേപ്പറുകളും മാതൃക ചോദ്യങ്ങളും കുട്ടികളെ പരിചയപ്പെടുത്തും.കഴിഞ്ഞ തവണത്തേതിനേക്കാൾ തിളക്കമാർന്ന വിജയം നേടാനാകുമെന്ന പ്രതീക്ഷയിലാണ് അധ്യാപകരും വിദ്യാർ

# തേവർവട്ടത്തുനിന്ന് ഇന്ദ്രപ്രസ്ഥത്തിലേയ്ക്ക് അഭിമാനപൂർവ്വം......



ജീവിതത്തിൽ ഏറ്റവും യാദൃശ്ചികമായി ലഭിച്ച ഒരവസരമായിരുന്നു അത്. ഭാരതത്തിന്റെ പ്രഥമപൗരനെനേരിട്ട് കണ്ട് അദ്ദേഹത്തോടൊപ്പം നിന്ന് ഫോട്ടോ എടുക്കാൻ സാധിക്കുക ,ഇപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല.

പതിവുപോലെ ഒരുദിവസം വീട്ടിലെത്തിയ എന്നോട് അമ്മയാണ് പറഞ്ഞത് ഠഅഠഅ ആഡകഘലഉകചഏ കചഉകഅയുടെ മുൻവർഷത്തെ ഉപന്യാസമൽസരത്തിൽ എനിക്ക് സിറ്റി തലത്തിൽ സെലക് ഷനുവസം കലൂർ റിന്യൂവൽ സെന്ററിൽ ചെന്ന് അതിന്റെ അവാർഡ് ഏറ്റുവാങ്ങണമെന്ന അറിയിപ്പു കിട്ടിയിട്ടുണ്ട് എന്നും. സത്യത്തിൽ ഒരുവർഷം കഴിഞ്ഞ ആ മൽസരത്തിന്റെ വിഷയം പോലും ഞാൻ മറന്നുപോയിരുന്നു. വളരെ ലാഘവത്തോടെ എഴുതിവിട്ട ആ ഉപന്യാസം എനിക്ക് ഇതുപോലൊരു അവസരം നേടിത്തന്നതിൽ വളരെ അത്ഭുതം തോന്നി.പത്താം ക്ലാസ്സ് മോഡൽ പരീക്ഷക്കിടയിലായിരുന്നു പരിപാടി. പരീക്ഷ കഴിഞ്ഞ് ഞാനും അരുൺ സാറും പരിപാടിയിൽ പങ്കെടുക്കാൻ പോയി. വളരെ ലളിതവും അതേ സമയം പ്രൗഢവുമായ സദസ്സിൽ വിശിഷ്ടാതിഥി മലയാളത്തിന്റെ പ്രിയപ്പെട്ട സാനുമാഷായിരുന്നു. പരിപാടിയിൽ സോൺ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട അനേകം കുട്ടികൾക്ക്സ മ്മാനങ്ങൾവ ിതരണം ചെയ്തു. സാനുമാഷിന്റെ കയ്യിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങാൻ കഴിഞ്ഞത് ഏറ്റവും വിശിഷ്ടമായ ഒരു ബഹുമതിയായി എനിക്കു തോന്നി. അവാർഡായി ലഭിച്ചത് അതിമനോഹരമായ ഒരു ട്രോഫിയും,സർട്ടിഫിക്കറ്റും,ഡിജിറ്റൽ ക്യാമറയുമാണ്. പരിപാടിക്കുശേഷം തിരിച്ച് സ്കൂളിലെത്തി. എന്നെപ്പോലെ തന്നെ എല്ലാവർക്കും അത്ഭുതമായിരുന്നു.

ഒരു ഉപന്യാസ മൽസരത്തിന് ഇത്രയും വിശാലമായ അവസരങ്ങൾ ഉണ്ട് എന്ന തിരിച്ചറിവു കൂടിയായിരുന്നു അത്.

കുറച്ചുനാളുകൾക്ക് ശേഷം അമ്മയ്ക്ക്മറ്റൊരു ഫോൺകോൾ കൂടി എത്തി . ഡയാനതന്നെ. ഇതിനോടകം അമ്മയുടെ സുഹൃത്തായി മാറിയ ഡയാനഇത്തവണ പറഞ്ഞത് ഉപന്യാസം ദേശീയതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടു എന്ന വിവരമാണ്. ഞങ്ങൾക്കാർക്കും വിശ്വസിക്കാനായില്ല. തുടർന്ന് ഇടക്കിടെ അവരുടെ വിളികൾ അവർത്തിച്ചു. ഡൽഹിയിലാണ് പരിപാടിയെന്നും കുട്ടിയും രക്ഷിതാവുമടക്കം രണ്ടുപേരുടെ ഫ്ലൈറ്റ് ടിക്കറ്റുകളും,താമസവും,ഭക്ഷണവുമടക്കം സർവ്വ ചെലവുകളും കമ്പനി വഹിക്കുമെന്നും അറിയാൻ കഴിഞ്ഞു. ജൂണിൽ നടക്കുമെന്നറിയിച്ച പരിപാടിയുടെ ഡേറ്റ് പിന്നീട് പല തവണ തിരുത്തപ്പെട്ടു. കാരണം ചോദിച്ചപ്പോൾ കിട്ടിയ മറുപടിയായിരുന്നു ഏറ്റവും അവിശ്വസനീയം. പരിപാടി നടക്കാൻപോവുന്നത് രാഷ്ട്രപതി ഭവനിലാണെന്നും, രാഷ്ട്രപതിയെ നേരിൽക്കാണാനുള്ള അവസരംല ഭിക്കുമെന്നും,അ വിടുത്തെ സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണമാണ് പരിപാടി നീളുന്നതെന്നുമായിരുന്നു മറുപടി. പലതവണമാറ്റിവച്ച പരിപാടി ഒടുവിൽ ഡിസംബറിൽ നടക്കുമെന്ന ഉറപ്പുകിട്ടി. ഇതിനിടെ അമ്മ അവർക്ക് ടിക്കറ്റിന്റെയും മറ്റും ആവശ്യങ്ങൾക്കായി എന്റെയും അച്ഛന്റെയും തിരിച്ചറിയൽ രേഖകൾ അയച്ചുകൊടുത്തു. ഡിസംബർ 3ന് പോയി 5 ന് തിരിച്ചെത്തുന്നതായിരുന്നു പരിപാടി. കേരളത്തിൽ നിന്ന് തെര!ഞ്ഞെടുക്കപ്പെട്ടപന്ത്രണ്ട് പേർ. അവരിലൊരാളായി ഞാനും!

അങ്ങനെ ആ ദിവസം വന്നെത്തി. ഡിസംബർ 3. തലേ ദിവസം സ്കൂളിൽ നിന്ന് എനിക്ക് ഒരുപാട് ആശംസകളും കിട്ടിയിരുന്നു. കൂട്ടുകാർ ചിലർ രാവിലെയും എന്നെ വിളിച്ച് യാത്രാമംഗളം നേർന്നു. എന്തുകൊണ്ടും മനോഹരമായ ഒരു പ്രഭാതം. രാവിലെ 11:45 നായിരുന്നു ഫ്ലൈറ്റ്. 7 മണിക്ക് ഞങ്ങൾ വീട്ടിൽ നിന്നിറങ്ങി. ഏകദേശം 8:30 മണിയോടെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിച്ചേർന്നു. എന്നോടൊപ്പമുള്ള മറ്റ് 11 പേരിൽ ചിലരും കുടുംബാംഗങ്ങളും നേരത്തേ എത്തിച്ചേർന്നിരുന്നു. ആ ടീമിൽ എന്നെക്കൂടാതെ മറ്റൊരു ആൺകുട്ടി കൂടിയേ ഉണ്ടായിരുന്നുള്ളൂ. ഗോകുൽ.!ഞങ്ങൾക്കു പോകേണ്ട ടജകഉജ്ജ ഖള്ളഠ അകഞ്ഞ ണഞഅഥ ട ഡിലെ ആണെന്നും 3:45 മണിയാകുമെന്നും അറിഞ്ഞു. എന്തായാലും ചെക്ക് ഇൻ ചെയ്യാമെന്നു തീരുമാനിച്ചു. ഏകദേശം 6 മണിക്കൂർ നീണ്ട കാത്തിരിപ്പ്. ഞങ്ങൾ 24 പേരുംതന്നെ (കുട്ടികളും രക്ഷിതാക്കളും) ആദ്യ ആകാശയാത്രയുടെ ത്രില്ലിലായിരുന്നു. ആറു മണിക്കൂർ നീണ്ട കാത്തിരിപ്പ് വളരെ മടുപ്പിക്കുന്നതായിരുന്നു. എയർപോട്ടിനകത്തെ ബുക്ക്സ്റ്റാളിൽ നിന്ന് ഒരു പുസ്തകം വാങ്ങി. ഫ്ലൈറ്റ് ഡിലെ ആയതിനെത്തുടർന്ന് സ്പൈസ്ജെറ്റ്കാരുടെ റിഫ്രഷ്മെന്റ് കിട്ടി. അങ്ങനെകാത്തിരുന്നു കാത്തിരുന്ന് 3:45 ആയി. ബോഡിങ്ങ് കോൾ വന്നു. ഒടുവിൽ വിമാനത്തിലേക്ക്. ഓരോ ദിവസവും ഒരുപാടുപേരുടെ സ്വപ്നങ്ങൾക്ക് ചിറകുനൽകുന്ന നേടുമ്പാശ്ശേരിയിൽ നിന്ന്,ആകാശത്തേക്ക്. . നാലുമണിക്ക് ടേക്ക് ഓഫ് ചെയ്തു. വളരെ നല്ല ഒരനുഭവമാണത്. ആകാശത്തുനിന്നും നോക്കുമ്പോൾ കൊച്ചി വളരെ മനോഹരിയായി കാണപ്പെട്ടു. ഇത്ര തിരക്കുപിടിച്ച നഗരമാണതെന്ന് സങ്കൽപ്പിക്കാൻ പോലും കഴിയില്ല. കേരളത്തിന്റെ ആകാശക്കാഴ്ച ദൈവത്തിന്റെ സ്വന്തം നാട് എന്ന പേര് അന്വർത്ഥമാക്കുന്നതാണ്. പച്ച പുതച്ച വയലുകളും മലനിരകളും ഗ്രാമങ്ങളുമെ

ശേഷം ..... 3-ാം പേജ്




കടൽ തിരമാലകൾവന്ന് തീരങ്ങളിൽ അടിക്കുമ്പോൾ ഞനിന്നും ഓർക്കുന്നു ഈ തിരമാലകൾ എന്റെ മനസ്സിൽ ശക്തിയായി ആഞ്ഞടിച്ച ദിവസം. അന്ന് രാത്രിയുടെ യാമങ്ങളിൽ വിണ്ടുകീറിയ ഓലകൾക്കിടയിലൂടെ പുഞ്ചിരിക്കുന്ന ചന്ദ്രൻ വെട്ടം പരത്തുന്നതുഞാനാൻകണ്ടു. അമ്മ ഉറക്കത്തിലേക്ക് വഴുതിവീഴുകയാണ്. രാത്രിയുടെ നിശബ്ദതയിൽ അമ്മയും അഛനും ഞനും മാത്രം കടൽത്തീരത്തെ വീട് വളരെ ആനന്ദകരമായഅനുബവങ്ങൽ ഈ ദിവസ്സം വരെ ഞങ്ങൾക്കുതന്നു. പക്ഷെ ആ ദിവസ്സം കടൽ ഞങ്ങളുടെ ഇടയിലേക്ക് ആഞ്ഞടിച്ചു. വേദനയോടെയുള്ള നിലവിളികളും ഉയർന്നുകേട്ടു. ജീവിതത്തോടുള്ള കൊതിയും അവന്റെ ആഗ്രഹങ്ങളും അന്നുഞാൻകണ്ടു. പിന്നെ എന്റെ ബോധം നഷ്ടപ്പെട്ടു ഓർമ്മവച്ചപ്പോൾ ഞാൻ ഞങ്ങളുടെ നാട്ടിലെ ജനറൽ ആശുപത്രിയിലാണ് ഞൻ ചുറ്റും പരതിയത് ആരണ്ടു മുഖങ്ങൾക്കു വേണ്ടിയായിരുന്നു എന്റെ അഛനേയും അമ്മയേയും പക്ഷെ അവിടെയെങ്ങും കണ്ടില്ല ഡൊക്ടർ എന്നെ പരിശോദിക്കുവാൻ വന്നപ്പോൾ ഞാൻ ഡൊക്ടറോട് ചോദിച്ചത് അവരെക്കുറിച്ചായിരുന്നു അന്ന് ഡൊക്ടർ ഒഴിഞ്ഞുമാറി മൂന്നുദിവസ്സം കഴിഞ്ഞിരിക്കുന്നു ഇന്ന് ആശുപത്രിയുടെ മുറ്റത്ത് കടലിനരികിയിലെ ബഞ്ചിൽ പലതും ആലോചിച്ച് അതിൽ മുഴുകിയിരിക്കയാണ്. ചിന്തിച്ച് നേരം പോയി ഇരുട്ടു നീലാകാശത്തെ പതുക്കെ മറച്ചുതുടങ്ങുന്നു ഇന്നെനിക്ക് അറിഞ്ഞേപറ്റു അവരെവിടെപ്പോയി? ഞാൻ ഡൊക്ടറോട് ചോദിക്കാൻ തീരുമാനിച്ചു ഡോക്ടേഷ്സ് കാബിനിൽ ഞാൻ പതിയെതട്ടി ആരും തുറന്നില്ല പതിയെ വാതിൽ തുറന്നു

അവരുരെന്നെ കണ്ടില്ല അവരെന്തോ സംസാരിക്കുകയാണ്, വളരെ ചെറിയ ശബ്ദത്തിൽ. രോഗികളെ ക്കുറിച്ചാണ് അവരുടെ സംസാരം 'വാർഡ് പത്തിൽക്കിടക്കുന്ന കുട്ടിയുടെകാര്യം കഷ്ടമാ ആകുട്ടിയുടെ അച്ചനുമമ്മയും തിരമാലയിൽപ്പെട്ടുമരിച്ചു.' ആ വാക്കുകൾ കേട്ടഞാനാകെതളർന്നു എന്നെ ചികിൽസിക്കുന്ന ഡോക്ടറാണല്ലോ അത് വാർഡ്പത്തിൽ ഞാനൊരു കുട്ടിയേയുള്ളു ഇശ അവരാ....എന്റെ അഛനും അമ്മയും.... എനിക്കിനിയാരുമില്ല വളരെ പണിപ്പെട്ട് ഞാൻ വാർഡിലേക്കുനടന്നു കിടക്കയിലേക്കു വീണുപോയി.

അസുഘം ഭേദമായപ്പോൾ ഡോക്ടർമാർ എന്നെ അനാഥാലയത്തിലാക്കി ഇന്ന് ഈ അനാഥാലയത്തിലെ കുട്ടികളോടൊപ്പം മുറിവുണങ്ങാത്തമനസ്സുമായി അഛന്റെയും അമ്മയുടെയും ഓർമ്മകളിൽ നീറിനീറികഴിയുന്നു എനിക്കീ ലോകം കരുതിവച്ച വിധി അത് അനാഥമായ ജീവിതമാണ് ഈലോകത്ത് ഞാനിന്നും അനാഥ.......

## കൗതുകമായി മെട്രിക് മേള

**തേവർവട്ടം:** ഗണിതവുമായി ബന്ധപ്പെട്ട അളവു തൂക്കങ്ങളെക്കുറിച്ചുള്ള ബോധ വത്ക്കരണക്ലാസ്സും മെട്രിക് മേളയും കുട്ടുകൾക്ക് ആവേശവും കൗതുകവും പകർന്നു. ചടങ്ങിൽ ഹെഡ്മിസ്ട്രസ് ബി.സിന്ധു കുമാരി അദ്ധ്യക്ഷതവഹിച്ചു. കുട്ടികൾക്ക് അളവുതൂക്കങ്ങളെക്കുറിച്ചുള്ള സാമാന്യബോധം ഉളവാക്കാൻ കഴിയുന്നവയാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെന്ന് ഹക്കിം പാണാവള്ളി അഭിപ്രായപ്പെട്ടു.



## നാടൻ ഭക്ഷ്യമേളനടത്തി

തേവർവട്ടം ഗവ.ഹയർസെക്കണ്ടറിസ്ക്കൂളിൽ ഭക്ഷ്യമേളനടത്തി. ആധുനീക ഭക്ഷണ ശീലങ്ങൾക്ക് പിന്നാലെ പായുന്ന പുതുതലമുറക്ക് നാടൻ വിഭവങ്ങൾ പരിചയപ്പെടുത്തുന്നതിനാണ് യു.പി, എൽ.പി. വിഭാഗത്തിലെ കുട്ടികളുടെ നേതൃത്വത്തിൽ ഭക്ഷ്യ മേള സംഘടിപ്പിച്ചത്. കപ്പപ്പായസം,ചക്കപ്രദമൻ,കഞ്ഞി ,ചമ്മന്തി, വെജിറ്റബിൾ പുട്ട്, ചക്കയട, വിവിധയിനം പുഴുക്കുകൾ,ഇലക്കറികൾ എന്നിങ്ങനെ നൂറുകണക്കിന് വിഭവങ്ങളാണ് ഭക്ഷ്യമേളയിൽ ഒരുക്കിയിരുന്നത്.

## നഴ്സറിക്ക് അപൂർവ്വനേട്ടം

തേവർവട്ടം: സ്ക്കൂളിലെ നേഴ്സറി വിഭാഗത്തിന് പി.സി.എം. സ്ക്കോളർ ഷിപ്പ് പരീക്ഷയിൽ മികച്ച വിജയം. സ്ക്കൂൾ തലത്തിൽ നാലുപേർക്ക് ജില്ലാതലത്തിൽ രണ്ടുകുട്ടിൽക്കും സ്ക്കുൾതലത്തിൽ നാലുകുട്ടികൾക്കും ക്യാഷവർഡും സർട്ടിഫിക്കറ്റും ലഭിച്ചു പരീക്ഷ എഴുതിയ എല്ലാകുട്ടികളും വിജയിച്ചു.

125 Years OF EXCELLENCE

GOVT. HSS THEVARVATTOM



വീടിനെക്കാൾ വിദ്യാലയത്തെസ്നേഹിച്ച
ഇച്ഛാശക്തിയാൽ തടസ്സങ്ങളെ തട്ടിമാറ്റിയ,
തേവർവട്ടം H.S.S. ന്റെ മുഖശ്രീ........
ലത ടീച്ചർക്ക്

# സ്നേഹാദരങ്ങൾ

സ്റ്റാഫ് G.H.S.S.തേവർവട്ടം

125 Years OF EXCELLENCE

GOVT. HSS THEVARVATTOM



ജീവിതയാത്രയിൽ, അറിവിന്റെ വഴികളിൽ,
അനുഭവങ്ങളുടെ ഊർജ്ജം പകർന്ന്
തലമുറകൾക്ക് പ്രകാശമായി,
ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുന്ന
പ്രിയ രമ ടീച്ചർക്ക് തേവർവട്ടം സ്കൂളിന്റെ

# സ്നേഹാദരങ്ങൾ

സ്റ്റാഫ് G.H.S.S.തേവർവട്ടം

125 Years OF EXCELLENCE

GOVT. HSS THEVARVATTOM



ഗണിതം മധുരമായ് മാതൃസ്നേഹമായ്
മധുരവാണിയായ് തവസാന്നിധ്യമത്രമേൽ
പുണ്യമീ ജ്ഞാനാങ്കണത്തിൽ
വാണി ടീച്ചർക്ക്

# സ്നേഹാദരങ്ങൾ

സ്റ്റാഫ് G.H.S.S.തേവർവട്ടം

125 Years OF EXCELLENCE

GOVT. HSS THEVARVATTOM



ശാസ്ത്രാധ്യാപനത്തെ
സ്നേഹത്താൽ നിറച്ച ജോസ് സാറിന്
G.H.S.S. തേവർവട്ടത്തിന്റെ

# സ്നേഹാദരങ്ങൾ

സ്റ്റാഫ് G.H.S.S.തേവർവട്ടം

125 Years OF EXCELLENCE

GOVT. HSS THEVARVATTOM




സ്കൂൾ ഖോ-ഖോ ടീമിനെ സംസ്ഥാനതലത്തിൽ
മികച്ച പ്രകടനം കാഴ്ചവെക്കാൻ പരിശീലിപ്പിച്ച
ഖോ-ഖോ നാഷണൽ കോച്ച് ബിജു സാറിന്

# സ്നേഹാദരങ്ങൾ

സ്റ്റാഫ് G.H.S.S.തേവർവട്ടം


Athul Krishna. E.S.
IA


Saikrishna S I
Saikrishna


Athul krishna E.S.

# എന്റെ വിദ്യാലയം

ആലയം ആലയം വിദ്യാലയം
അറിവിന്റെ പൂങ്കാവനം
അക്ഷരമായവർക്ക് അറിവുനൽകും
ആലയം ആലയം വിദ്യാലയം
വിദ്യാലയം കുട്ടികൾക്ക് പുതിയ
സൗഹൃദം നൽകുന്നു
പുതിയ അറിവു നൽകും
ആലയം ആലയം വിദ്യാലയം



Devakrishnan.k.M By
Class: IV

# അണ്ണാൻ കുഞ്ഞേ പോരുന്നോ

ചിൽ ചിൽ പാടിനടക്കും
അണ്ണാൻ കുഞ്ഞേ പോരുന്നോ
അപ്പുറത്തെ മാവിൻ കൊമ്പിൽ
മാങ്ങ പഴുത്തത് അറിഞ്ഞീലേ?
പോരുന്നോ? അണ്ണാൻ
കുഞ്ഞേ പോരുന്നോ?



By: Hamdan Samad
class: 4

യാത്ര
അപാരതയുടെ സങ്കീർത്തനം.

ഷാഫി.എ.ബേക്കർ

പ്രിയരെ ; നാമൊരുമിച്ചു നടത്തിയ യാത്ര അനുഭവങ്ങളുടെ സന്തോഷം കൊണ്ട് ഒരിക്കലും മറക്കാനാവാത്ത ഒന്നായി ഹൃദയത്തിൽ അടയാളമിട്ടിരിക്കുന്നു. പുതുവർഷത്തിന്റെ ആരംഭത്തിൽ ഇങ്ങനെയൊരു സാഹചര്യം സംജാതമായതും സ്നേഹ സന്തോഷങ്ങളുടെ ഊഷ്മളത സാധ്യമായതും നിങ്ങളുടെ ഓരോരുത്തരുടെയും സാന്നിദ്ധ്യ സഹകരണങ്ങളാലാണെന്നതിൽ ഞാൻ കൃതാർത്ഥനാണ്.

യാത്രയിൽ ആനന്ദത്തിന്റെ അനുഭവത്തെക്കുറിച്ചല്ലാതെ ഞാനൊഴികെ ഒരാളും സംസാരിച്ചതുമില്ല. എനിക്കും പണം സൂക്ഷിപ്പുകാരൻ , കൺവീനർ എന്നീ പദവികൾ ചാർത്തിക്കിട്ടിയില്ലായിരുന്നു

പാണിയേലി പ്പോര് അനുഭവങ്ങളുടെ ഭിന്നമായൊരു ലോകമായിരുന്നു. കൂറ്റൻ പാറകൾക്കിടയിലൂടെയുള്ള ജലപ്രവാഹത്തിൽ കാലിട്ടടിക്കാനും , ജലത്തിൽ ശരീരം ചേർത്ത് ആനന്ദലബ്ധിയിലാറാടാനും കിട്ടിയ അവസരം എത്ര അനുഭൂതി സാന്ദ്രമായിരുന്നു.

യാത്രകൾ സ്ഥലങ്ങളിലേക്ക് : ബന്ധുഗൃഹങ്ങളിലേക്ക് : വിദേശ രാജ്യങ്ങളിലേക്ക് ഒക്കെയാവാം. ഏകതാനമായ സ്നേഹത്തിന്റെ സ്വരം മാത്രം നിഴലിച്ച ഈ യാത്ര ഇനിയും തുടരുന്നതിൽ ഏവർക്കും ഒരേ സ്വരമാണുണ്ടായിരുന്നത് എന്നത് ആനന്ദത്തിന്റെ തോത് എത്ര ഉയർന്നതായിരുന്നു എന്ന് വെളിപ്പെടുത്തുന്നു. ഒന്നായിരിക്കുന്നതിന്റെ ;- നന്മയുടെ സ്വരമാണ് നമ്മിൽ ഓരോരുത്തരിൽ നിന്നു മുയർന്ന "ഇനിയും യാത്രയാവാം വൈകാതെ ' എന്ന ചിന്ത.

നമ്മുടെ പരിഹാസങ്ങൾക്ക് നാട്ടുകാരനായിരുന്നിട്ടും എതിർ സ്വരങ്ങളില്ലാതെ ഒപ്പം നിന്ന തള്ളു ചേട്ടന്റെ സഹിഷ്ണുത വിലമതിക്കപ്പെടേണ്ടതാണ്. ഭൂതത്താൻ കെട്ടിന്റെ പുരാണവും വർത്തമാനവും സമയബന്ധിതമായി എന്നാൽ കൃത്യമായ നർമ്മബോധത്തോടെ അവതരിപ്പിച്ച തള്ള് ചേട്ടൻ മായാത്ത ഓർമ്മയായി ഉള്ളിലുണ്ട്. ഗുഹയ്ക്കുള്ളിലെ ഇരുണ്ട ദൃശ്യങ്ങളെ വെളിച്ചത്തിന്റെ മാന്ത്രിക സ്പർശം കൊണ്ട് ചിത്രങ്ങളിലാക്കിയ നമ്മുടെ ക്യാമറാ മാന്മാരെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല.

യാത്രയുടെ ദൂരങ്ങളെ മറികടക്കാനാവുന്നത് ഓരോ നിമിഷത്തെയും സന്തോഷത്തിന്റെ അനുഭവങ്ങളെക്കൊണ്ടാണ്. മറവിയെ നമുക്കൊരു സ്മൃതി കൊണ്ട് വീണ്ടെടുക്കാമെന്നാണല്ലോ. വീണ്ടെടുക്കപ്പെടുന്ന ഓർമ്മകളിൽ ഈ ദൃശ്യ ഭംഗിയും ഈ കൂട്ടായ്മയും നിറവായിരിക്കട്ടെ.

" ഇളം മഞ്ഞിൻ കുളിരുമായ് " - അത്തരമൊരു വിശേഷണമാവും ഈ യാത്രയ്ക്കിണങ്ങുക. ഇളം മഞ്ഞിന്റെ നനുത്ത സ്പർശം കൊണ്ട് ഓരോരുത്തരുടെയും ഹൃദയത്തിൽ സന്തോഷത്തിന്റെ ആന്ദോളനങ്ങളുയർത്തിയ ഈ യാത്ര ഓർമ്മകളുടെ തണലിടങ്ങളിൽ ഇനിയും നിറശോഭയോടെ നിലനിൽക്കട്ടെ . ഐക്യ ത്തിന്റെ : സ്നേഹത്തിന്റെ ഈ നക്ഷത്ര ശോഭ ഒരിക്കലും മായാതെ നിലനിൽക്കാൻ നമുക്ക് പ്രയത്നിച്ചു കൊണ്ടേയിരിക്കാം.

സ്നേഹൈ ക്യത്തിൽ
ഹൃദയപൂർവ്വം
ഷാഫി.

യാത്ര

ഓർമ്മകളിലെ സ്നേഹത്തിന്റെ വൈബ്

ഓർമ്മയിലേക്ക് ഒരു യാത്ര കൂടി. ഇതിന് ഒരു പ്രത്യേകത കൂടിയുണ്ട്. നിഷ്കളങ്കമായ ബാല്യത്തിന്റെ വൈബാണ് ഈ യാത്രയുടെ ആനന്ദം . ഡിസംബർ 8 കുട്ടികൾക്കൊപ്പം വാഗമൺ , പരുന്തുംപാറ ഇവ സന്ദർശിക്കുന്നു. 5 മണിക്കാരംഭിക്കാം എന്നു പറഞ്ഞിരുന്നുവെങ്കിലും 5.30 തോളമായി പുറപ്പെടാൻ . യാത്രയിലെ ആനന്ദത്തിന്റെ ഉദ്ഘാടകനായിരിക്കാൻ കഴിഞ്ഞത് നിയോഗം

എത്രയൊക്കെ ജീവിത വൈപരീത്യങ്ങളെ അഭിമുഖീകരിക്കുന്ന നമ്മുടെ കുട്ടികളുടെ രക്ഷിതാക്കൾ മക്കൾക്കായി എത്ര റിസ്ക്കെടുക്കുന്നുവെന്നും എന്തു മാത്രം അഡ്ജസ്റ്റ് ചെയ്യുന്നുവെന്നും കൺവീനറായിരുന്നതിനാൽ നേരിട്ട് ബോധ്യപ്പെടാനായി എന്നതാണ് പ്രധാനം. നാമെത്തി നിൽക്കുന്ന പരിമിതമെങ്കിലും സന്തോഷകരമായ ജീവിതത്തിനപ്പുറം ദൈനംദിനജീവിതത്തിന്റെ രണ്ടറ്റങ്ങളേയും കൂട്ടിയിണക്കാൻ പരക്കം പായുന്ന മനുഷ്യർ. ആ ഇല്ലായ്മകളിലും കുട്ടികളുടെ സന്തോഷത്തെക്കരുതി അവരെടുത്ത നിലപാടാണ് ഈ യാത്ര സാധ്യമാക്കിയത്.

ആനന്ദം അല്പവും ചോരാതെ തിരിച്ചെത്താൻ കൂടെ നിന്ന പ്രിയപ്പെട്ടവരെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. അവരുടെ സഹകരണവും ഇടപെടലും ഒക്കെയാണ് യാത്രയുടെ വിജയം ഉറപ്പാക്കിയത്. ഞങ്ങൾ ഒൻപത് പേരുടെ ഒരേ നിലയിലുള്ള ഇടപെടൽ ആനന്ദത്തിന്റെ മാറ്റ് കൂട്ടാനുപകരിച്ചു എന്നുള്ളതിന് എനിക്കവരോടുള്ള നന്ദി വാക്കുകളിലൊതുക്കുന്നില്ല. നൃത്തവും ചിത്രങ്ങളും ഞങ്ങളനുഭവിച്ച ആനന്ദത്തിന്റെ അടയാളങ്ങളായി പൊതു പരിപ്രേക്ഷ്യത്തിലുണ്ട്. ഏവർക്കുമിടയിൽ ഉദാത്ത സ്നേഹത്തിന്റെ സങ്കീർത്തനങ്ങളായി; ഓർമ്മകളിലെ നന്മകളായി ഈ യാത്രയും നിലനില്ക്കട്ടെ.

കുട്ടികൾ നിഷ്കളങ്കതയുടെ ചിറക് വിരിച്ച് പറന്ന കുറച്ച് മണിക്കൂറുകൾ. എല്ലാ പിരിമുറുക്കങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തിന്റെ ; ആനന്ദത്തിന്റെ കുറെ നിമിഷങ്ങൾ. എനിക്കുറപ്പാണ് എന്റെ ഈ അക്ഷരങ്ങൾക്ക് അവർ അനുഭവങ്ങളുടെ സന്തോഷം കൊണ്ട് സാക്ഷ്യം പറയും. അവരുടെ നിഷ്കളങ്കമായ മനസ്സിന്റെ തലത്തിലേക്ക് നമുക്കി നി മടക്കമില്ലല്ലോ എന്ന വേപഥു മാത്രം. ഇനിയങ്ങോട്ടുള്ള ഏകാന്തതയുടെ നിമിഷങ്ങളിൽ ഇടയ്ക്കെപ്പോഴെങ്കിലും കടന്നുവരുന്ന ഓർമ്മകളിൽ നിറവിന്റെ ഈ നിമിഷങ്ങളുമുണ്ടാവും. ഒന്നായിരിക്കാനും : സ്നേഹത്തിന്റെ ആകാശ നക്ഷത്രങ്ങളിൽ മുഖം നോക്കിയിരിക്കാനും സർവ്വോപരി മനുഷ്യനായിരിക്കാനും കഴിയുന്ന നിഷ്കളങ്ക ബാല്യത്തിന്റെ ആഘോഷമായി ഞാനീ ദിനത്തെ വിലയിരുത്തുന്നു.

കുറവുകളുണ്ടാവും. അതാണ് ഏത് യാത്രയുടേതുമെന്ന പോലെ ഈ യാത്രയുടെയും പരിമിതി'. പരിമിതിയിലും പരമാവധി ആനന്ദം നിറയ്ക്കാനുള്ള ശ്രമമായിരുന്നു ഞങ്ങളുടേത്. ഇപ്പോഴാ ശ്വാസം തോന്നുന്നു. മുന്നോട്ടുള്ള യാത്രയിൽ ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം പോലെ ഈ ദിനവും ഹൃദയത്തിൽ ചേർക്കുന്നു. ഇനിയും യാത്രകളുണ്ടാവട്ടെ... സ്നേഹത്തിന്റെ; നന്മയുടെ ; നിറവിന്റെ ഒക്കെ മാനസികയാത്രകൾ ...... നമ്മുടെ യാത്രകളാകെ മറ്റുള്ളവരുടെ ഹൃദയങ്ങളിലേ ക്കാവട്ടെ... സ്നേഹം ...... സ്നേഹം മാത്രം......... എന്നും ...... എപ്പോഴും .

ഈ യാത്രയുടെ സന്തോഷമത്രയും ജോസ് സാറിനും വാണി ടീച്ചർക്കും രമ ടീച്ചർക്കും സമർപ്പിക്കുന്നു.

സസ്നേഹം
ഷാഫി.

ജീവിതം പ്രണയം

ഷാഫി.എ. ബേക്കർ

നിന്റെ കവിളിണകളുടെ
ആരുണാഭയിൽ
എന്റെ പ്രണയ സ്വപ്നങ്ങളുണ്ട്.
നിന്റെ മുടിയിഴകളിലെ -
ചന്ദന ഗന്ധത്തിൽ
എന്റെ ചുംബനപ്പൂക്കളുണ്ട്.
നിന്റെ കൺകോണുകളിൽ
എനിക്കായുള്ള
ദർശനമാപിനിയുണ്ട്.
നിന്റെ
കരയുഗളങ്ങളിൽ
എനിക്കായുള്ള വരണമാല്യമുണ്ട്.
നിന്റെ
പവിഴാധരങ്ങളിൽ
എന്റെ
ജീവിതമാകെയുണ്ട്.






വിടരും മുൻപെ കൊഴിഞ്ഞ പൂവ്

ഷാഫി.എ.ബേക്കർ

വിവേക് ഇന്ന് കാലയവനികയിൽ മറഞ്ഞു. നിഷ്കളങ്കതയുടെ മഹത്വം പരിചിതരിലാകെ നിറച്ച് അവൻ യാത്രയാകുമ്പോൾ നിറകണ്ണുകളോടെ ; പ്രാർത്ഥനകളോടെ നോക്കി നിൽക്കാനെ കഴിഞ്ഞുള്ളൂ. രംഗ ബോധമില്ലാത്ത കോമാളിയുടെ മറ്റൊരു നാടകം. ഒരിക്കലുമുണങ്ങാത്ത വേദനയുടെ ഭാരവും പേറി തിരിച്ചു നടക്കുമ്പോഴും ഉള്ളിൽ ഒരു വിങ്ങൽ ബാക്കിയാവുന്നു. സഹജീവികളുടെ വേഗതയോ ചെറുതെങ്കിലുമായ നിഷേധമോ വിവേകിനെ സ്പർശിച്ചതേയില്ല. മൗനത്തിന്റെ മഹാസൗന്ദര്യമാണവൻ. നിശബ്ദത കൊണ്ട് ഏവരിലുമടയാളപ്പെട്ട തുല്യതകളില്ലാത്ത കുട്ടി.

ആദരാഞ്ജലികൾ

നന്ദി